**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 63** **14-10-2026-ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാർക്കുള്ള വിവിധ പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കല്ലട്ര മാഹിൻ
ശ്രീ. എം. എ. റസാഖ് മാസ്റ്റർ
ശ്രീമതി ഫാത്തിമ തഹിലിയ
ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** ഭിന്നശേഷിക്കാർക്കുള്ള വിവിധ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** വിലയിരുത്തിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്കായി സാമൂഹ്യനീതി വകുപ്പിൻ കീഴിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശം അനുബന്ധം -1ആയി ചേർക്കുന്നു.

ഭിന്നശേഷിക്കാർക്കുവേണ്ടി സാമൂഹ്യനീതി വകുപ്പ് നേരിട്ട് നടത്തുന്ന പദ്ധികളുടേയും, എൻ.ജി.ഒ-കളുടെ സഹകരണത്തോടെ നടത്തുന്ന പദ്ധതികളുടേയും പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തുവരുന്നു. കൂടാതെ Initiatives of the Government of Kerala to protect the rights & welfare of Persons with disabilities എന്ന ഒരു evaluation study Center for socio economic and environmental studies എന്ന സ്ഥാപനത്തിന്റെ സഹകരണത്തോടെ 2016 ൽ സാമൂഹ്യനീതി വകുപ്പ് നടത്തിയിരുന്നു.

ഭിന്നശേഷി അവകാശ സംരക്ഷണ നിയമം, 2016 -ന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടത്തിവരുന്ന വിവിധ ക്ഷേമപദ്ധതികൾ ഗുണഭോക്താക്കൾക്ക് പ്രയോജനകരമാകുന്നുണ്ടോ എന്നത് വിലയിരുത്തുന്നതിനും, നിയമത്തിൽ പറയുന്ന വിവിധ വിഷയങ്ങളിൽ ഇനിയും നടപടികൾ സ്വീകരിക്കാൻ ഉള്ളത് കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതിനും വേണ്ടി സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഒരു പഠനം നടത്തുവാൻ നടപ്പുവർഷം തീരുമാനിച്ചിട്ടുള്ളത് പ്രകാരം ആയതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**(ബി)** മുൻ സർക്കാരിന്റെ കാലയളവിൽ വിവിധ പദ്ധതികൾക്കായി നൽകേണ്ട തുകയിൽ കുടിശ്ശിക ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** മുൻ സർക്കാരിന്റെ കാലയളവിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള വിവിധ പദ്ധതികൾക്ക് തുക അനുവദിച്ചിരുന്നുവെങ്കിലും സർക്കാരിൽ നിന്നും സീലിംഗ് ലിമിറ്റ് എൻഹാൻസ് ചെയ്ത് ലഭിക്കാത്തതിനാൽ ഫണ്ട് അനുവദിക്കുവാൻ കഴിഞ്ഞിരുന്നില്ല. വിശദാംശം അനുബന്ധം-2ആയി ചേർക്കുന്നു.

**(സി)** പ്രസ്തുത കുടിശ്ശിക തുക എന്നത്തേക്ക് പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ സർക്കാരിന്റെ കാലയളവിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള വിവിധ പദ്ധതികൾക്ക് തുക അനുവദിച്ചിരുന്നുവെങ്കിലും സർക്കാരിൽ നിന്നും സീലിംഗ് ലിമിറ്റ് എൻഹാൻസ് ചെയ്ത് ലഭിക്കാത്തതിനാൽ ഫണ്ട് അനുവദിക്കുവാൻ കഴിഞ്ഞിരുന്നില്ല. വിശദാംശം അനുബന്ധം-2ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം– 1**

ഭിന്നശേഷിക്കാർക്കായി സാമൂഹ്യനീതി വകുപ്പിൻ കീഴിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശം

1. സാമൂഹികനീതി ഡയറക്റേറ്റ്

| ക്രമ നം. | പദ്ധതിയുടെ പേര് |
|---|---|
| 1 | **അതിജീവനം പദ്ധതി** :- ഭിന്നശേഷിക്കാരുടെ പുനരധിവാസം, ജീവിത നൈപുണ്യ പ്രവർത്തങ്ങൾ, വിദ്യാഭ്യാസം,തൊഴിൽ പരിശീലനം തുടങ്ങിയവക്ക് പര്യാപ്തമായ സേവനങ്ങൾ NGO സഹകരണത്തോടുകൂടി ഉറപ്പുവരുത്തുന്ന സമഗ്ര പദ്ധതിയാണ് അതിജീവനം സമഗ്ര പദ്ധതി |
| 2 | **പ്രത്യാശ പദ്ധതി** :- സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്ഷേമ സ്ഥാപനങ്ങളിലേയും, NGO- കൾ നടത്തുന്ന സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകളിലും നിയന്ത്രണ വിധേയമായി സ്വന്തം വീട്ടുകളിൽപോകുവാനോ കുടുംബത്തെ കണ്ടെത്തുവാനോ കഴിയാത്ത അന്യസംസ്ഥാനക്കാരെ സ്വദേശത്തേക്ക് എത്തിക്കുന്ന പദ്ധതിയാണ് പ്രത്യാശ പദ്ധതി |
| 3 | മാനസിക രോഗാശുപത്രിയിലെ ചികിത്സ കഴിഞ്ഞ് ബന്ധുക്കളാരും ഏറ്റെടുക്കാനില്ലാത്തവരും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും മാനസിക നിലതെറ്റി എത്തപ്പെടുന്ന സ്ത്രീകളെ പുനഃരധിവസിപ്പിയ്ക്കുന്ന തിരുവനന്തപുരം ജില്ലയിലെ അഭയയുടെ കീഴിലുള്ള " ശ്രദ്ധ ഭവനം കെയർ ഹോമിന്" ഒറ്റത്തവണ ഗ്രാന്റ് അനുവദിയ്ക്കുന്ന പദ്ധതി. |
| 4 | **സൈക്കോസോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി** : – മാനസിക വെല്ലുവിളി നേരിടുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി സർക്കാർ അംഗീകാരത്തോടെ പ്രവർത്തിച്ച് വരുന്ന എൻ.ജി.ഒ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിയ്ക്കുന്ന പദ്ധതിയാണ് സൈക്കോസോഷ്യൽ ഗ്രാന്റ് ഇൻ -എയ്ഡ് പദ്ധതി. |
| 5 | **വിദ്യാകിരണം**- ഭിന്നശേഷിക്കാരായ രക്ഷകർത്താക്കളുടെ ഒന്നാം ക്ലാസ് മുതൽ പി.ജി വരെ പഠിക്കുന്ന മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി |
| 6 | **പരിരക്ഷ**-അപകടങ്ങൾ, ആക്രമണങ്ങൾ, പ്രകൃതി ദുരന്തങ്ങൾ, തുടങ്ങിയ സാഹചര്യം നേരിടേണ്ടി വരുന്ന ഭിന്നശേഷിക്കാർക്ക് ധനസഹായം നൽകാനുള്ള പദ്ധതി |
| 7 | **പരിണയം** -ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ പെൺമക്കൾക്കും ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്കും ഒറ്റത്തവണ 30,000/-രൂപ വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി |
| 8 | **മാതൃജ്യോതി**-ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനു ധനസഹായം നൽകുന്ന പദ്ധതി |
| 9 | **സ്വാശ്രയ**- തീവ്രമായ മാനസിക- ശാരിരിക വെല്ലുവിളി നേരിടുന്ന വ്യക്തികളെ സംരക്ഷിക്കുന്ന ബി.പി.എൽ കുടുംബത്തിൽപ്പെട്ട മാതാവിന് രക്ഷകർത്താവിന് സ്വയംതൊഴിൽ ആരംഭിക്കുന്നതിനായി ഒറ്റതവണയായി 35,000 രൂപ ധനസഹായം നൽകുന്ന പദ്ധതി |
| 10 | **സഹചാരി**-ഭിന്നശേഷിക്കാരായ കുട്ടികളെ സഹായിക്കുന്ന NCC/NSS/SPC യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകുന്ന സഹചാരി പദ്ധതി |
| 11 | **ഇംപ്രസ്റ്റ് മണി**-വഴിയോരത്ത് ഉപേക്ഷിക്കപ്പെട്ടവരും അനാഥരും |

| | |
|---|---|
| | അശരണരുമായവരെ പുനരധിവസിപ്പിക്കുന്ന സാഹചര്യങ്ങളിൽ നേരിടുന്ന അടിയന്തിര ചെലവുകൾക്കായി ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് കരുതൽ നിധിയായി ഇംപ്രസ്റ്റ് മണി ഇനത്തിൽ ഒരു ജില്ല യ്ക്ക് 50,000 രൂപ ക്രമത്തിൽ അനുവദിച്ചു വരുന്നു. |
| 12 | ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനും സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനുള്ള പദ്ധതി. |
| 13 | **SNAC/LLC Working fund**<br>നാഷണൽ ട്രസ്റ്റ് നിയമം, 1999 പ്രകാരം ഓട്ടിസം, സെറിബ്രൽ പാൾസി, ബൗദ്ധിക വെല്ലുവിളി, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവയുള്ളവർക്ക് നിയമ പരമായ രക്ഷാകർതൃത്വം നൽകുക എന്നതാണ് ജില്ലാ ലോക്കൽ ലെവൽ (LLC) കമ്മിറ്റിയുടെ പ്രധാന ചുമതല. ആയതിന്റെ പ്രവർത്തന ആവശ്യങ്ങൾക്കായി സാമൂഹ്യനീതി വകുപ്പ് ഫണ്ട് അനുവദിച്ചുവരുന്നു |
| 14 | **ന്യൂ പ്രതീക്ഷാഭവൻ**-ബൗദ്ധിക വെല്ലിവിളി നേരിടുന്ന പുരുഷൻമാർക്കുള്ള പുനരധിവാസ കേന്ദ്രം NGO സഹകരത്തോടെ കോഴിക്കോട് ജില്ലയിൽ പ്രവർ ത്തിക്കുന്നു. 2025-26 വർഷം കുടിശ്ശിക തുക 9,20,012/- രൂപ അനുവദിക്കാൻ കഴിഞ്ഞിരുന്നില്ല. |
| 15 | **കോഴിക്കോട് ഗവ.വി റ്റി സി** - ഭിന്നശേഷിക്കാർക്കായുള്ള തൊഴിൽ പരിശീലന കേന്ദ്രം 2025-26 വർഷത്തെ കുടിശ്ശിക തുകയായി 1,92,362/ രൂപ 2025-26 വർ ഷത്തെ കുടിശ്ശിക തുകയായി നിൽക്കുന്നു |
| 16 | **NIDAS-NISH Online Interactive Disability Awareness Seminar**-ഭിന്നശേഷിക്കാർക്കും അവരെ പരിചരിക്കുന്നവർക്കുമുള്ള awareness programmes. 2025-26 2nd installment തുകയായ 5,26,857 - രൂപ സീലിംഗ് ലിമിറ്റ് എൻഹാൻസ് ചെയ്ത് ലഭ്യമാകാത്തതിനാൽ അനുവദിച്ചിരുന്നില്ല. |
| 17 | **പ്രിയ ഹോം** DPR -ബൗദ്ധിക വെല്ലുവിളി നേരിടുന്ന സ്ത്രീകളുടെ പുനരധിവാസത്തിന് കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന പ്രിയ ഹോം നിലനിൽക്കുന്ന ഭൂമിയിൽ പുനരധിവാസഗ്രാമം നിർമ്മിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് കോസ്റ്റ് ഫോർഡിനുള്ള ആദ്യ ഗഡു 7.5 ലക്ഷം രൂപ സീലിംഗ് ലിമിറ്റിൽ ഉൾപ്പെട്ടതിനാൽ അനുവദിക്കാൻ കഴിഞ്ഞിരുന്നില്ല |
| 18 | മലപ്പുറം പ്രതീക്ഷാ ഭവൻ, കോഴിക്കോട് HMDC എന്നിവിടങ്ങളിലെ താമസക്കാർക്ക് IMHANS മുഖേന സൈക്കോ സോഷ്യൽ സപ്പോർട്ട് നൽകുന്ന പദ്ധതിക്ക് 8,46,688/-രൂപ സീലിംഗ് ലിമിറ്റ് എൻഹാൻസ് ചെയ്ത് ലഭ്യമാകാത്തതിനാൽ അനുവദിക്കാൻ കഴിഞ്ഞിരുന്നില്ല |

2. <u>കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ</u>

| ക്രമ നം. | പദ്ധതിയുടെ പേര് |
|---|---|
| 1 | **ശുഭയാത്ര പദ്ധതി**- ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം ട്രൈസ്കൂട്ടർ വിതരണം<br>സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി |
| 2 | **ആശ്വാസം പദ്ധതി**-<br>സ്വയം തൊഴിൽ ബാങ്ക് വായ്പയ്ക്ക സബ്സിഡി<br>ലോട്ടറി ഏജന്റുമാർക്ക് 5000/- രൂപ ധനസഹായം<br>സ്വയം സംഘങ്ങൾക്ക് 20,000/- രൂപ ധനസഹായം<br>വായ്പ എടുക്കാൻ മാർഗ്ഗമില്ലാത്തവർക്ക് 25000/- രൂപ സഹായം നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു.<br>സ്വയംതൊഴിൽ വായ്പക്ക് കാലാവധി കഴിഞ്ഞ വായ്പ പ്രകാരം ഒറ്റത്തവണ തീർപ്പാക്കലിലൂടെ തീർപ്പാക്കുന്നവർക്ക് പലിശ, പിഴ പലിശ ഇനത്തിൽ പരമാവധി 50000/- രൂപ ഇളവും, മരണപ്പെട്ടവരുടെ അവശേഷിക്കുന്ന വായ്പാ തുകയും പലിശയും പിഴ പലിശയും മാനദണ്ഡങ്ങൾ പ്രകാരം എഴുതിതള്ളി വായ്പ തീർപ്പാക്കൽ (സ്വയംതൊഴിൽ വായ്പ), വായ്പ കാലാവധിക്കുള്ളിൽ വായ്പ തീർപ്പാക്കുന്നവർക്ക് മാനദണ്ഡങ്ങൾ പ്രകാരം 20% സബ്സിഡി (സ്വയംതൊഴിൽ വായ്പ). |
| 3 | **ഹസ്തദാനം പദ്ധതി**-<br>വിദ്യാർത്ഥികൾക്ക് 5000/- രൂപ ക്യാഷ് അവാർഡ്<br>ഗുരുതര ഭിന്നശേഷിയുള്ള കുട്ടികൾക്ക് 20000/ രൂപ 18 വയസു വരെ സ്ഥിര നിക്ഷേപം<br>വയോജനങ്ങളെ പരിപാലിക്കുന്നതിന് സാഫല്യം പരിചരണകേന്ദ്രം |
| 4 | **എൻ.ഡി.എഫ്.ഡി.സി. വായ്പ**-<br>നാഷണൽ ദിവ്യംഗൻ ഫിനാൻസ് ആന്റ് കോർപ്പറേഷന്റെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസി<br>സ്വയംതൊഴിൽ, വിദ്യാഭ്യാസ, വാഹന, ഭവന വായ്പകൾ<br>6% മുതൽ 9% വരെ പലിശയിൽ 50 ലക്ഷം രൂപ വരെ സ്വയം തൊഴിൽ/വാഹന വായ്പ<br>50 ലക്ഷം വരെ വിദ്യാഭ്യാസ വായ്പയ്ക്ക് 4% മാത്രം പലിശ<br>10 ലക്ഷം രൂപ വരെയുള്ള സ്വയംതൊഴിൽ വായ്പയ്ക്ക് സബ്സിഡി |
| 5 | **Ability Beyond Limits പദ്ധതി**- കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനും ഭാരതീയ ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘവും ഭിന്നശേഷിക്കാരായ വ്യക്തികളുടെ സാമൂഹിക ഉൾപ്പെടുത്തലും സാമ്പത്തിക ശാക്തീകരണവും ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ Ability Beyond Limits എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം നൂറ് ഖാദി ഔട്ട്ലെറ്റുകളുടെ ശൃംഖല ആരംഭിക്കുന്ന നടപടികൾ നടന്നുവരുന്നു. |
| | **COMPUTRON സൗജന്യമൊബൈൽ ഫോൺ ചിപ്പ് ലെവൽ സർവ്വീസ് കോഴ്സ്**- കേരള സംസ്ഥാന ഭിന്നശേഷി കോർപ്പറേഷനും കമ്പ്യൂട്ടറോൺ ട്രെയിനിംഗ് സൊല്യൂഷനും സംയുക്തമായി ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കുന്ന "സൗജന്യ മൊബൈൽ ഫോൺ ചിപ്പ് ലെവൽ സർവീസ് കോഴ്സ്. |

| | |
|---|---|
| | ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിലും സാങ്കേതിക നൈപുണ്യവികസനവും ഉറപ്പാക്കുന്ന ഈ കോഴ്സ് അത്യന്തം പ്രാധാന്യമുള്ളതും സാമൂഹികമായും സാമ്പത്തികമായും വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ ശേഷിയുള്ളതുമാണ്. ഭിന്നശേഷി കോർപ്പറേഷന്റെ മേൽനോട്ടത്തിലാണ് പരിശീലനം ആവശ്യം ഉള്ളവരെ തെരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-2**

| ക്രമ നം. | പദ്ധതിയുടെ പേര് | 2025-26 വര്ഷത്തിൽ കുടിശ്ശിക വന്ന തുക | നടപ്പ് വര്ഷം അനുവദിച്ച കുടിശ്ശിക തുകയുടെ വിവരങ്ങൾ | റിമാർക്സ് |
|---|---|---|---|---|
| 1 | അതിജീവനം പദ്ധതി | 80,96,666/- | 80,96,666/- | 10/08/2026-തീയതിയിലെ സ.ഉ.(സാധാ) നം. 160/2026/എസ്.ജെ.ഡി. നമ്പർ ഉത്തരവ് പ്രകാരം നടപ്പ് വർഷം അതിജീവനം സമഗ്ര പദ്ധതി നടപ്പിലാക്കുന്നതിനായി (2025-26 വർഷത്തെ അരിയർ തുക ഉൾപ്പെടെ അനുവദിക്കുന്നതിനായി) 2,20,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും അരിയർ തുക മുഴുവൻ അനുവദിച്ചിട്ടുണ്ട്. |
| 2 | പ്രത്യാശ പദ്ധതി | 9,79,518 | അരിയർ തുകയായ 9,79,518 അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു | അരിയർ തുകയായ 9,79,518 അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു |
| 3 | തിരുവനന്തപുരം ജില്ലയിലെ അഭയയുടെ കീഴിലുള്ള "ശ്രദ്ധഭവൻ കെയർ ഹോമിന്" ഒറ്റത്തവണ ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി | 10,20,000/- | 18/09/2026-ലെ സ.ഉ.(സാധാ) നം. 228/2026/എസ്.ജെ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശ്രദ്ധഭവൻ കെയർ ഹോമിന് 2025-26 വർഷത്തെ ഒറ്റത്തവണ ഗ്രാന്റായി അനുവദിച്ച 10,20,000/- രൂപ അനുവദിച്ചുകൊണ്ടുള്ള സർക്കാർ | ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | അനുമതി ലഭിച്ചിട്ടുണ്ട്. ആയത് പ്രകാരം സ്ഥാപനത്തിന്റെ PSTSB അക്കൗണ്ടിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. | |
| 4 | സൈക്കോ സോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡഡ് പദ്ധതി | 2,26,05,659/- | നടപ്പ് വർഷം 3 സ്ഥാപനങ്ങൾ ക്കായി 30,84,222/- രൂപ കുടിശ്ശിക അനുവദിച്ചിട്ടുണ്ട്. | 1,95,21,437/- രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 5 | വിദ്യാകിരണം | 30,54,500/- | കുടിശ്ശിക തുകയായ 30,54,500/- അനുവദിച്ചിട്ടുണ്ട് | സ.ഉ.(സാധാ) നം. 188/2026/എസ്.ജെ.ഡി. തീയതി 17.08.2026 പ്രകാരം കുടിശ്ശിക തുക അനുവദിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |
| 6 | പരിരക്ഷ | 22,21,216/- | കുടിശ്ശിക തുകയായ 22,21,216/- അനുവദിച്ചിട്ടുണ്ട് | സ.ഉ.(സാധാ) നം. 188/2026/എസ്.ജെ.ഡി. തീയതി 17.08.2026 പ്രകാരം കുടിശ്ശിക തുക അനുവദിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |
| 7 | പരിണയം | 30,00,000/- | കുടിശ്ശിക തുകയായ 30,00,000/- അനുവദിച്ചിട്ടുണ്ട് | സ.ഉ.(സാധാ) നം. 188/2026/എസ്.ജെ.ഡി. തീയതി 17.08.2026 പ്രകാരം കുടിശ്ശിക തുക അനുവദിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |
| 8 | മാതൃജ്യോതി | 5,39,247/- | കുടിശ്ശിക തുകയായ 5,39,247/- അനുവദിച്ചിട്ടുണ്ട് | സ.ഉ.(സാധാ) നം. 188/2026/എസ്.ജെ.ഡി. തീയതി 17.08.2026 പ്രകാരം |

| | | | | |
|---|---|---|---|---|
| | | | | കുടിശ്ശിക തുക അനുവദിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |
| 9 | സ്വാശ്രയ | 42,00,000/- | കുടിശ്ശിക തുകയായ 42,00,000/- അനുവദിച്ചിട്ടുണ്ട് | സ.ഉ.(സാധാ) നം. 188/2026/എസ്.ജെ.ഡി. തീയതി 17.08.2026 പ്രകാരം കുടിശ്ശിക തുക അനുവദിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |
| 10 | സഹചാരി | 6,130/- | കുടിശ്ശിക തുകയായ 6,130/- അനുവദിച്ചിട്ടുണ്ട് | സ.ഉ.(സാധാ) നം. 188/2026/എസ്.ജെ.ഡി. തീയതി 17.08.2026 പ്രകാരം കുടിശ്ശിക തുക അനുവദിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |
| 11 | ഇംപ്രസ്റ്റ് മണി | 36,299/- | കുടിശ്ശിക തുകയായ 36,299/- അനുവദിച്ചിട്ടുണ്ട് | സ.ഉ.(സാധാ) നം. 188/2026/എസ്.ജെ.ഡി. തീയതി 17.08.2026 പ്രകാരം കുടിശ്ശിക തുക അനുവദിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |
| 12 | RPwD സെൽ | 44,080/- | കുടിശ്ശിക തുകയായ 44,080/- അനുവദിച്ചിട്ടുണ്ട് | സ.ഉ.(സാധാ) നം. 162/2026/എസ്.ജെ.ഡി. തീയതി 10.08.2026 പ്രകാരം കുടിശ്ശിക തുക അനുവദിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. |
| 13 | SNAC/LLC working fund | 3,89,182/- | കുടിശ്ശിക തുകയായ 3,56,300/- അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള 32,882/- രൂപ നൽകുന്നതിനുള്ള നടപടികൾ | സ.ഉ.(സാധാ) നം. 159/2026/എസ്.ജെ.ഡി. തീയതി 10.08.2026 പ്രകാരം കുടിശ്ശിക തുക അനുവദിക്കുന്നതിന് ഭരണാനുമതി |

| | | | | |
|---|---|---|---|---|
| | | | സ്വീകരിച്ചു വരുന്നു. | ലഭ്യമായിട്ടുണ്ട്. |
| 14 | NGO ന്യൂ പ്രതീക്ഷാ ഭവൻ | 9,20,012/- | 9,20,012/- | സ.ഉ.(സാധാ) നം. 187/2026/എസ്.ജെ.ഡി. തീയതി 17.08.2026 & സാമൂഹ്യനീതി ഡയറക്ടറുടെ 17.08.2026-ലെ SJD/829/2026-D2 നം. ഉത്തരവ് എന്നിവ പ്രകാരം അരിയർ തുക അനുവദിച്ചു. |
| 15 | VTC Kozhikode | 1,92,362/- | വേതന ഇനത്തിൽ കുടിശ്ശിക വന്ന 93,660/- രൂപ അനുവദിച്ചു. ബാക്കി 98,702/- അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. | സ.ഉ.(സാധാ) നം. 225/2026/എസ്.ജെ.ഡി. തീയതി 13.09.2026 |
| 16 | NIDAS | 5,26,857/- | 5,26,857/- | സ.ഉ.(സാധാ) നം. 191/2026/എസ്.ജെ.ഡി. തീയതി 18.08.2026 |
| 17 | Psycho social support at Pratheekshabhavan & Punyabhavan through IMHANS | 8,46,688/- | | സ.ഉ.(സാധാ) നം. 190/2026/എസ്.ജെ.ഡി. തീയതി 18.08.2026 പ്രകാരം AS ലഭ്യമായിട്ടുണ്ട്. MOU 05.10.2026-ന് ഒപ്പു വച്ചു. |

സെക്ഷൻ ഓഫീസർ